സി.ജി.(1)44325/2015

സഹകരണസംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി : 17.11.2015

സർക്കുലർ നമ്പർ 47/2015

വിഷയം- സഹകരണ വകുപ്പ്-നല്ല രീതിയിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾ/ബാങ്കുകൾക്ക് അവാർഡ് നൽകുന്നത്-അപേക്ഷകൾ സ്വീകരിക്കുന്നതിനുള്ള സമയപരിധി ദീർഘിപ്പിക്കുന്നത്- സംബന്ധിച്ച്

സൂചന- സഹകരണ സംഘം രജിസ്ട്രാറുടെ 1.10.2015 ലെ 44/2015-ാം നമ്പർ സർക്കുലർ

.....................

സംസ്ഥാനത്ത് നല്ല രീതിയിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾ/ബാങ്കുകൾക്ക് 2012-13, 2013-14, 2014-15 വർഷങ്ങളിലെ ബെസ്റ്റ് പെർഫോർമെൻസ് അവാർഡ് നൽകുന്നത് സംബന്ധിച്ച് സൂചന പ്രകാരം വിശദമായ മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. അവാർഡിനായുള്ള അപേക്ഷകൾ 15.11.2015 നകം സമർപ്പിക്കണമെന്ന് നിഷ്കർഷിച്ചിരുന്നു. മൂന്ന് വർഷങ്ങളിലേയ്ക്കുള്ള അപേക്ഷകൾ സ്വീകരിക്കുന്ന സാഹചര്യം, സമർപ്പിക്കുന്ന വിവരങ്ങളുടെ ആധികാരികത ആഡിറ്റർമാർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ട സാഹചര്യം, ത്രിതല പഞ്ചായത്തുകളിലേയ്ക്ക് നടന്ന തെരഞ്ഞെടുപ്പിൽ വകുപ്പുദ്യോഗസ്ഥന്മാരെ വിന്യസിച്ചിട്ടുള്ള സാഹചര്യം എന്നിവ കണക്കിലെടുത്ത് 2012-13, 2013-14, 2014-15 വർഷങ്ങളിലേയ്ക്കുള്ള ബെസ്റ്റ് പെർഫോർമെൻസ് അവാർഡിന് അപേക്ഷ സമർപ്പിക്കുന്നതിനുള്ള സമയപരിധി 30.11.2015 വരെ ദീർഘിപ്പിച്ച് ഉത്തരവാകുന്നു. സൂചന സർക്കുലറിൽ നിഷ്കർഷിച്ചിട്ടുള്ള വിധത്തിൽ സമർപ്പിക്കുന്ന 30.11.2015 വരെ ലഭിക്കുന്ന അപേക്ഷകളിൽ നിന്നും അവാർഡിനർഹമായ സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുന്നതാണ്. സർക്കുലർ നിർദ്ദേശം എല്ലാം ജോയിന്റ് രജിസ്ട്രാർ(ജനറൽ) മാരും അവരുടെ അധികാര പരിധിയിലുള്ള സഹകരണ സ്ഥാപനങ്ങളുടെ ശ്രദ്ധയിൽ കൊണ്ടു വരുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

ഒപ്പ്

സഹകരണ സംഘം രജിസ്ട്രാർ

പകർപ്പ്

ഡയറക്ടർ ഓഫ് കോ-ഓപ്പറേറ്റീവ് ആഡിറ്റ്
എല്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ)മാർക്കും
എല്ലാ ജോയിന്റ് ഡയറക്ടർ(ആഡിറ്റ്)മാർക്കും
എല്ലാ ജില്ലാ സഹകരണ ബാങ്കുകൾക്കും
എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ) മാർക്കും
(ജോയിന്റ് രജിസ്ട്രാർ(ജനറൽ) മുഖേന)
എല്ലാ അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്)മാർക്കും
(ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മുഖേന)
എല്ലാ സംഘങ്ങൾക്കും ബാങ്കുകൾക്കും
ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന
ഈ ആഫീസിലെ എല്ലാ ആഫീസർക്കാർക്കും
വെബ്സൈറ്റ്
സ്റ്റോക്ക് ഫയൽ

ആജ്ഞാനുസരണം//

ഡെപ്യൂട്ടി രജിസ്ട്രാർ (ക്രെഡിറ്റ്)